06-02-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**Government of Kerala**



Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/02/2022

1. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, പായിപ്പാട്, തൃക്കൊടിത്താനം കൃഷിഭവൻ പരിധിയിൽ വരുന്ന കർഷകർക്ക് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെങ്ങിൻതോട്ടത്തിലെ ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾക്ക് പകരം ഉത്പാദനക്ഷമത കൂടിയ തെങ്ങിൻതൈകൾ ലഭിക്കുന്നതിനും ഇടവിള ചെയ്യുന്നതിനുള്ള (കിഴങ്ങുവിളകൾ, ഇഞ്ചി, മഞ്ഞൾ) വിത്തുകൾ ലഭിക്കുന്നതിനും **ഫെബ്രുവരി 8-നകം** അതത് കൃഷിഭവനുകളിൽ അപേക്ഷകൾ നൽകേണ്ടതാണ്. ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 1000 രൂപ സഹായം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടുക.

2. എറണാകുളം ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ മൃഗസംരക്ഷണവകുപ്പ് നടപ്പാക്കുന്ന **കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല എമർജൻസി സർവ്വീസ്** പ്രകാരം സേവനം ലഭിയ്ക്കുന്നതിന് ബന്ധപ്പെടേണ്ട വെറ്ററിനറി ഡോക്ടർമാരുടെ വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പേര് | ബ്ലോക്ക് | ഫോൺ |
|---|---|---|---|
| 1 | ഡോ. അൽ.യസഹ് ഉസ്മാൻ | മൂവാറ്റുപുഴ | 9048013439 |
| 2 | ഡോ. നിഖിൽ ജോളി | അങ്കമാലി | 9048719990 |
| 3 | ഡോ. ശ്രീദേവ് രാജേന്ദ്രന് | വൈപ്പിൻ | 7025750604 |
| 4 | ഡോ. ഹരിപ്രിയ മോഹൻ | കൊച്ചി | 7356152534 |
| 5 | ഡോ. ചന്ദ്രകാന്ത്. യു | ആലങ്ങാട് | 7014484813 |
| 6 | ഡോ. സെബാസ്റ്റ്യൻ | വാഴക്കുളം | 7907652114 |
| 7 | ഡോ. അജ്ഞലക്ഷ്മി.ഡി.നാഥ് | കൂവപ്പടി | 9497341958 |
| 8 | ഡോ. ശ്രീജിത്ത് ഉത്തമൻ | പറവൂർ | 9496800705 |
| 9 | ഡോ. അഖിൽ എ.റ്റി | എടപ്പിള്ളി | 7736621407 |
| 10 | ഡോ. ഷറഫുദ്ദീൻ കെ.എ | കോതമംഗലം | 9496130451 |
| 11 | ഡോ. മുഫീദബീഗം എം.സി | മുളന്തുരുത്തി | 9497387195 |
| 12 | ഡോ. അദീന സേവ്യർ | പാറക്കടവ് | 9400741214 |
| 13 | ഡോ. ആഷിഖ് ഹമീദ് എം.എച്ച് | വടവ്കോട് | 8281664253 |

3. പത്തനംതിട്ട ജില്ലയിൽ അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) യിൽ **ബ്ലോക്ക് ടെക്നോളജി മാനേജർ** തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഫെബ്രുവരി 8-ന് രാവിലെ 11 മണിക്ക് പന്തളം കടയ്ക്കാവൂർ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫിസിൽ വച്ച് വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. കൃഷി/വെറ്ററിനറി/ഡെയറി/ഫിഷറീസ് എന്നിവയിർ ബിരുദാനന്തര ബിരുദമാണ് യോഗ്യത. സർക്കാർ സ്ഥാപനങ്ങളിലുള്ള രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം അഭികാമ്യമാണ്. താൽപര്യമുള്ളവർ ഫെബ്രുവരി 8-ന് രാവിലെ 10.30 മണിക്ക് പൂരിപ്പിച്ച ബയോഡേറ്റയും അസൽ സർട്ടിഫിക്കറ്റും സഹിതം ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **04734-296180, 9383471982** എന്നീ ഫോൺ നമ്പരുകളിലോ, പന്തളം കടയ്ക്കാട് പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ **ഫെബ്രുവരി 09 മുതൽ 11** വരെ രാവിലെ 10 മണി മുതൽ മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. **റബ്ബർപാലിൽനിന്നുള്ള ഉത്പന്നങ്ങളുടെ നിർമ്മാണമേഖലയിലെ സാധ്യതകൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ** തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ പരിശീലനം നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

5. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ ഈ മാസം 8-ന് (ഫെബ്രുവരി 08) രാവിലെ 11 മണി മുതൽ **കന്നുകാലികളിലെ വേനൽക്കാല പരിചരണം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ 8-ന് രാവിലെ 10.30 വരെ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9947775978** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

6. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി ഈ മാസം 8,12 (ഫെബ്രുവരി 8,12) തീയതികളിൽ **വ്യാവസായികാടിസ്ഥാനത്തിലുള്ള കറവപ്പശു പരിപാലനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഇന്ന് (06/02/2022 ന്) 5 മണിയ്ക്ക് മുമ്പ് **0494-2962296, 8089293728** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

7. വിവിധ വിളകളിൽ ശലഭ പുഴുക്കളുടെ ആക്രമണം കാണുന്നു. വേപ്പിൻ കുരു സത്ത് 5 ശതമാനം (നന്നായി പൊടിച്ച വേപ്പിൻ കുരു 50 ഗ്രാം കിഴികെട്ടി ഒരു ലിറ്റർ വെള്ളത്തിൽ മുക്കി 12 മണിക്കൂർ വെക്കുക. ശേഷം കിഴി നന്നായി പലതവണ പിഴിഞ്ഞ്, പുറത്തു വരുന്ന വെള്ളം ക്ലിയർ ആകുന്നതുവരെ പിഴിഞ്ഞെടുത്തത്) തളിച്ച് കൊടുക്കാം. ബിവേറിയ ബസിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. **ക്ലോറാൻട്രാനിൽപ്രോൾ** 18.5 SC മൂന്നു മില്ലി പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം.

8. ജനുവരി മുതൽ ഏപ്രിൽ വരെ റബ്ബർ മരങ്ങളിൽ തേൻ ഉത്പാദനം കൂടുന്ന സമയമായതിനാൽ തേനീച്ച കൂടുകൾ റബ്ബർ തോട്ടങ്ങളിലേക്കു മാറ്റാവുന്നതാണ്.

9. തെങ്ങിൽ കോറിഡ്ചാഴിയുടെ ആക്രമണ വിധേയമായ മച്ചിങ്ങയുടെ പുറംഞെട്ടിനടിയിൽ വിണ്ടു പശപോലുള്ള ദ്രാവകം ഒഴുകി കട്ടപിടിച്ചിരിക്കുന്നത് കാണാം. ആക്രമണവിധേയമായ മച്ചിങ്ങ പൊഴിഞ്ഞു പോവുകയോ പേടായി പോവുകയോ ചെയ്യും. 0.05 ശതമാനം വീര്യമുള്ള ഡൈമെത്തോയേറ്റ് തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം